E/10678/MZ/1051/2024-G

മ്യൂസിയം മൃഗശാല വകുപ്പ്,

ഡയറക്ടറുടെ കാര്യാലയം,

തിരുവനന്തപുരം,

തിയതി:28-06-2025

## പുനഃ ക്വട്ടേഷൻ നോട്ടീസ്

മ്യൂസിയം മൃഗശാല വകുപ്പിലെ തിരുവനന്തപുരം കനകനഗർ ഭാഗത്തുള്ള പരിസരവാസികൾക്ക് ശല്യമാകുന്നതായി നിൽക്കുന്ന മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചുമാറ്റുന്നതിന് പരിചയസമ്പന്നരായ വ്യക്തികളിൽ നിന്നും മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

മരങ്ങളുടെ വിശദ വിവരങ്ങൾ

1) മൃഗശാല മതിലിനോട് ചേർന്ന് ബ്രദേഴ്സ് റീഡിംഗ് & ലൈബ്രറിക്കടുത്തുള്ള രണ്ട് വീടുകളുടെ മുകളിലേയ്ക്ക് വളർന്ന് നിൽക്കുന്ന രണ്ട് മഴമരങ്ങളുടെ ആറ് ശിഖരങ്ങൾ

2) കോർണറിലായുള്ള മഴമരത്തിന്റെ മൂന്ന് വലിയ ശിഖരങ്ങൾ

3)മ്ലാവിൻ കൂടിന്റെ കിഴക്കുവശത്തതായി നിൽക്കുന്ന ഉറക്കംതൂങ്ങി മരത്തിന്റെ നാല് വലിയ ശിഖരങ്ങൾ

4)കൃഷ്ണമൃഗക്കൂട്ടിലെ ഉണങ്ങിനിൽക്കുന്ന പന, മലങ്കുമ്പിൽ മരത്തിന്റെ ഉണങ്ങിയ ശിഖരങ്ങൾ

5)മ്ലാവിൻകൂട്ടിലെ ഉണങ്ങിനിൽക്കുന്ന രണ്ട് തെങ്ങുകൾ, കൂടിന് മുൻവശതതയുള്ള ആൽമരത്തിന്റെ ഉണങ്ങിയ ആറ് ചില്ലകൾ

ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന് പുറത്ത് മരങ്ങളുടെ ശിഖരങ്ങൾ പ്രൂൺ ചെയ്യുന്നതിനുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തി 04/07/2025 ന് ഉച്ചയ്ക്ക് ശേഷം 3 മണിയ്ക്ക് മുമ്പായി മ്യൂസിയം മൃഗശാല ഡയറക്ടറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനോടൊപ്പം ഒരു തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞുലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷനുകൾ അന്നേ ദിവസം വൈകീട്ട് 3.30 മണിയ്ക്ക് അവ സമർപ്പിച്ചവരുടെയോ, അവർ രേഖാമൂലം ചുമതലപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും, ഏറ്റവും കുറഞ്ഞതുക രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിയ്ക്ക് ക്വട്ടേഷൻ ഉറപ്പിച്ച് നൽകുന്നതുമാണ്. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്. ക്വട്ടേഷനുകൾ യാതൊരുകാരണവും കൂടാതെ നിരസിക്കുവാനും മാറ്റിവയ്ക്കുന്നതിനുമുള്ള പൂർണ്ണ അധികാരം വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾ അറിയേണ്ടവർ ഓഫീസ് പ്രവൃത്തികൾ ദിവസങ്ങളിൽ മൃഗശാല സൂപ്രണ്ടുമായി ബന്ധപ്പെടേണ്ടതാണ്.

Signed by
ഡയറക്ടർ
Manjuladevi P S
Date: 28-06-2025 17:15:39

1) നോട്ടീസ് ബോർഡ്
2) മൃഗശാല ഓഫീസ് നോട്ടീസ് ബോർഡ്
3) ഗാർഡൻ ഓഫീസ് നോട്ടീസ് ബോർഡ്
4) സെക്യൂരിറ്റി ഗാർഡ് നോട്ടീസ് ബോർഡ്
5 വെബ് സൈറ്റ്